പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1741 — 16.06.2014 -ൽ മറുപടിയ്ക്ക്

# 4 സ്റ്റാർ ഹോട്ടലുകൾക്ക് ബാർലൈസൻസ്

**ചോദ്യം**

ശ്രീ. എം. ചന്ദ്രൻ

**ഉത്തരം**

ശ്രീ. കെ. ബാബു
(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി)

---

(എ) സ്റ്റാർ ക്ലാസിഫിക്കേഷൻ അനുസരിച്ച് 4 സ്റ്റാർ ഹോട്ടലുകൾക്ക് ബാർലൈസൻസ് നൽകണമെന്ന് സുപ്രീംകോടതി നിർദ്ദേശിച്ചിട്ടുണ്ടോ യെന്ന് വ്യക്തമാക്കാമോ;

(എ) ഏകാംഗ കമ്മീഷൻ റിപ്പോർട്ട് ലഭിക്കുന്നതുവരെയും നിലവാരമില്ലാത്ത ഹോട്ടലുകൾക്കെതിരെ നടപടി എടുക്കുന്നതുവരെയും വിദേശമദ്യനിയമത്തിൽ പുതിയ ബാർ ലൈസൻസ് അനുവദിക്കുന്നതിന് ചട്ടമില്ല എന്ന കാരണത്താൽ 4 സ്റ്റാർ ഹോട്ടലുകൾക്ക് ബാർ ലൈസൻസ് നൽകാതിരിക്കരുത് എന്ന് ബഹു. സുപ്രീം കോടതി 05.03.2014 ലെ വിധിന്യായത്തിലൂടെ ഉത്തരവായിരുന്നു.

(ബി) സുപ്രീം കോടതി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ എത്ര 4 സ്റ്റാർ ഹോട്ടലുകളിൽനിന്നാണ് ബാർ ലൈസൻസിന് അപേക്ഷ കിട്ടിയിട്ടുള്ളത്; വ്യക്തമാക്കാമോ;

(ബി) സുപ്രീം കോടതി വിധിയ്ക്കു ശേഷം, ടി വിധിയുടെ അടിസ്ഥാനത്തിൽ ബാർ ലൈസൻസിനു വേണ്ടിയുള്ള ഒരു അപേക്ഷയും ലഭിച്ചിട്ടില്ല.

(സി) സുപ്രീം കോടതി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പുതിയ അപേക്ഷകൾ പരിഗണിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ?

(സി) സുപ്രീം കോടതി വിധിയുടെയും ഏകാംഗ കമ്മീഷന്റെ ശുപാർശയുടെയും അടിസ്ഥാനത്തിൽ അബ്കാരി നയ പ്രകാരം തീരുമാനമെടുക്കുന്നതാണ്.

സെക്ഷൻ ഓഫീസർ